**HADIA CSE Khutba Notes (08.03.2019)**

# കളവ് പ്രചരിപ്പിക്കരുത്

ഇന്നത്തെ കാലത്ത് മനുഷ്യനിൽ ഏറ്റവും കൂടുതൽ തിന്മകൾ വന്നു ചേരുന്നത് കളവ് പ്രചരണത്തിലൂടെയാണ്. കളവുകൾ പ്രചരിപ്പിക്കാനുള്ള അവസരം കൂടുതലാണ് എന്നതാണ് ഇതിന്റെ പ്രധാന കാരണം.

മുൻകാലങ്ങളിൽ നാലാൾ കൂടുന്നിടത്ത് പോയി ഒരു കളവ് പ്രചരിപ്പിക്കണമെങ്കിൽ ചായക്കടകളിലോ ഓവുപാലങ്ങളിലോ എത്തേണ്ടിയിരുന്നു. ഇന്ന് നമ്മുടെ മൊബാൽ ഫോണിലെ ഓരോ ഗ്രൂപുകളും നമ്മുടെ വിരൽ തുമ്പത്താണ്.

തെറ്റുകളിൽ നിന്ന് മാറിനിൽക്കൽ എളുപ്പമായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് നമുക്കു ചുറ്റും തെറ്റു ചെയ്യാനുള്ള സാഹചര്യങ്ങളാണ്. അതുകൊണ്ട് തന്നെയാണ് അവസാനകാലത്ത് തിരുസുന്നത്ത് മുറുകെ പിടിക്കുന്നവന് നൂറ് ശഹീദിന്റെ കൂലിയുണ്ടെന്ന് പ്രവാചകർ (സ്വ) പറഞ്ഞതും.

ഇന്ന് ഒരുപാട് നന്മകൾ ചെയ്യുക എന്നതിനപ്പുറം തിന്മയിൽ നിന്ന് വിട്ടു നിൽക്കുക എന്നതു തന്നെയാണ് പ്രധാനം.

അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَكُونُوا مَعَ الصَّادِقِينَ (سورة التوبة ١١٩)

സ്വിദ്ഖ് ആണ് പ്രധാനം എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

തിരുനബി (സ്വ) പറയുന്നു:

عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ ، قَالَ " : إِنَّ الصِّدْقَ يَهْدِي إِلَى الْبِرِّ ، وَإِنَّ الْبِرَّ يَهْدِي إِلَى الْجَنَّةِ , وَإِنَّ الرَّجُلَ لَيَتَحَرَّى الصِّدْقَ حَتَّى يُكْتَبَ عِنْدَ اللَّهِ عَزَّ وَجَلَّ صِدِّيقًا . وَإِنَّ الْكَذِبَ يَهْدِي إِلَى الْفُجُورِ ، وَإِنَّ الْفُجُورَ يَهْدِي إِلَى النَّارِ ، وَإِنَّ الرَّجُلَ لَيَتَحَرَّى الْكَذِبَ حَتَّى يُكْتَبَ عِنْدَ اللَّهِ كَذَّابًا"

തിരു നബി (സ്വ) കണ്ട ഒരു സ്വപ്നം സ്വഹാബികൾക്ക് വിശദീകരിച്ചുകൊടുക്കുയുണ്ടായി. വളരെ സുദീർഘമായ ഒരു ഹദീസാണിത്. അതിൽ നിന്നുള്ള ഒരുഭാഗം നോക്കൂ:

عن سمرة بن جندب رضي الله عنه قال كان رسول الله صلى الله عليه وسلم مما يكثر أن يقول لأصحابه هل رأى أحد منكم من رؤيا قال فيقص عليه من شاء الله أن يقص وإنه قال ذات غداة إنه أتاني الليلة آتيان وإنهما ابتعثاني وإنهما قالا لي انطلق وإني انطلقت معهما وإنا أتينا على رجل مضطجع وإذا آخر قائم عليه بصخرة وإذا هو يهوي بالصخرة لرأسه فيثلغ رأسه فيتهدهد الحجر ها هنا فيتبع الحجر فيأخذه فلا يرجع إليه حتى يصح رأسه كما كان ثم يعود عليه فيفعل به مثل ما فعل المرة الأولى قال قلت لهما سبحان الله ما هذان قال قالا لي انطلق انطلق قال فانطلقنا فأتينا على رجل مستلق لقفاه وإذا آخر قائم عليه بكلوب من حديد وإذا هو يأتي أحد شقي وجهه فيشرشر شدقه إلى قفاه ومنخره إلى قفاه وعينه إلى قفاه قال وربما قال أبو رجاء فيشق قال ثم يتحول إلى الجانب الآخر فيفعل به مثل ما فعل بالجانب الأول فما يفرغ من ذلك الجانب حتى يصح ذلك الجانب كما كان ثم يعود عليه فيفعل مثل ما فعل المرة الأولى قال قلت سبحان الله ما هذان قال قالا لي انطلق انطلق فانطلقنا فأتينا على .......... قال قلت لهما فإني قد رأيت منذ الليلة عجبا فما هذا الذي رأيت قال قالا لي أما إنا سنخبرك أما الرجل الأول الذي أتيت عليه يثلغ رأسه بالحجر فإنه الرجل يأخذ القرآن فيرفضه وينام عن الصلاة المكتوبة وأما الرجل الذي أتيت عليه يشرشر شدقه إلى قفاه ومنخره إلى قفاه وعينه إلى قفاه فإنه الرجل يغدو من بيته فيكذب الكذبة تبلغ الآفاق ...... (والحديث طويل)

കണ്ണും മൂക്കും വായയും കീറുന്ന ഈ ശിക്ഷ ലഭിക്കുന്നവർ ചക്രവാളങ്ങളിൽ എത്തുവോളം കളവു പറയുന്നവനാണ്. സോഷ്യൽ മീഡിയാ കാലത്തെ കളവ് പ്രചാരകർ ശ്രദ്ധിക്കേണ്ടത് ത

**HADIA CSE Khutba Notes (08.03.2019)**

# കളവ് പ്രചരിപ്പിക്കരുത്

ന്നെയാണിത്. തിരുനബി (സ്വ)യുടെ കാലത്ത് ഒരാൾ പറയുന്ന കളവ് ചക്രവാളങ്ങളിൽ എത്തുന്നത് വളരെ പ്രയാസകരമായിരിക്കും. എന്നാൽ സോഷ്യൽ മീഡിയയുടെ ഇക്കാലത്ത് അത് എളുപ്പമാണ്.

മുനാഫിഖിന്റെ ലക്ഷണമായി തിരുനബി (സ്വ) പറഞ്ഞത്:

عَنْ أَبِي هُرَيْرَةَ ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ " : آيَةُ الْمُنَافِقِ ثَلاثٌ إِذَا حَدَّثَ كَذَبَ ، وَإِذَا وَعَدَ أَخْلَفَ ، وَإِذَا اؤْتُمِنَ خَانَ"

അസത്യവും അധാർമികതയും വ്യാപിക്കാൻ ആഗ്രഹിക്കുന്നവരെ അല്ലാഹു ശക്തമായ ഭാഷയിൽ താക്കീത് നൽകുന്നുണ്ട്:

إِنَّ الَّذِينَ يُحِبُّونَ أَن تَشِيعَ الْفَاحِشَةُ فِي الَّذِينَ آمَنُوا لَهُمْ عَذَابٌ أَلِيمٌ فِي الدُّنْيَا وَالْآخِرَةِ ۚ وَاللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ (سورة النور ١٩)

കൈയിൽ കിട്ടുന്ന മെസേജെല്ലാം ഷയർ ചെയ്യുകയും ലൈക് ചെയ്യുകയും ഫോർവാർഡ് ചെയ്യുകയും ചെയ്യുന്നവർ ഇത് ശ്രദ്ധിക്കേണ്ടതാണ്.

വ്യപിചാരം, അക്രമം, പിടിച്ചുപറി, കൊലപാതകം തുടങ്ങിയവയുടെ ഫോട്ടോകളോ വീഡിയോകളോ സോഷ്യൽ മീഡിയയിലൂടെ പ്രചരിക്കപ്പെടുമ്പോൾ അതെടുത്ത് ഫോർവേഡ് ചെയ്യാതിരിക്കാൻ നാം ശ്രദ്ധിക്കണം. ഫാഹിഷത്ത് വ്യാപിക്കാൻ താൽപര്യപ്പെടുന്നവർ എന്ന് അല്ലാഹു പറഞ്ഞവരുടെ കൂട്ടത്തിൽ ഇത് പെടും.

ദുരാരോപണം നടത്തുകയും അത് വ്യാപിപ്പിക്കുകയും ചെയ്യുന്നത് വലിയ തെറ്റാണ്. വ്യക്തികളെ കുറിച്ചുള്ള മോശമായ മെസേജുകൾ ഫോർവേഡ് ചെയ്യുമ്പോൾ ഗീബതിന്റെയും കളവിന്റെയും ഇഫ്കിന്റെയും കുറ്റം അവനു വന്നുപെടും.

لَّوْلَا إِذْ سَمِعْتُمُوهُ ظَنَّ الْمُؤْمِنُونَ وَالْمُؤْمِنَاتُ بِأَنفُسِهِمْ خَيْرًا وَقَالُوا هَٰذَا إِفْكٌ مُّبِينٌ (سورة النور ١٢)

ആളുകളെ കുറിച്ച് നല്ലത് വിചാരിക്കേണ്ടിയിരുന്നു എന്നാണ് ഇവിടെ അല്ലാഹു പറയുന്നത്. അത് ചെയ്തില്ല. എന്തെങ്കിലും കേൾക്കുമ്പോൾ ആളുകളെ കുറിച്ച് നല്ലത് വിചാരിക്കുന്നതിന് പകരം മോശം പ്രചരിപ്പിക്കുന്നു. സത്ഭാവനയിലേക്ക് പോകുന്നില്ല. ഇതെല്ലാം വലിയ തെറ്റുകളാണ്.

അല്ലാഹുവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കളവ് പറയുക എന്നത് നാം ശ്രദ്ധിക്കണം

وَلَا تَقُولُوا لِمَا تَصِفُ أَلْسِنَتُكُمُ الْكَذِبَ هَٰذَا حَلَالٌ وَهَٰذَا حَرَامٌ لِّتَفْتَرُوا عَلَى اللَّهِ الْكَذِبَ ۚ إِنَّ الَّذِينَ يَفْتَرُونَ عَلَى اللَّهِ الْكَذِبَ لَا يُفْلِحُونَ (سورة النحل ١١٦)

وَمَنْ أَظْلَمُ مِمَّنِ افْتَرَىٰ عَلَى اللَّهِ كَذِبًا أَوْ كَذَّبَ بِآيَاتِهِ ۗ إِنَّهُ لَا يُفْلِحُ الظَّالِمُونَ (سورة الأنعام ٢١)

സ്വന്തം താൽപര്യത്തിന് വേണ്ടി ആയത്തുകൾ വളച്ചൊടിക്കുന്നതും അല്ലാഹു മാത്രമാണ് ഏകനായ ഇലാഹ് എന്ന് വിശ്വസിക്കുന്നവരെ മുശ്രിക് ആക്കുന്നതുമെല്ലാം ഇതിൽ പെടും. സുന്നികളെ മുശ് രിക് ആക്കാനായി പുത്തനാശയക്കാർ ഖുർആൻ ഉപയോഗിച്ച് കളവ് പ്രചരിപ്പിക്കുന്നതും ഇതിന് ഉദാഹരണമാണ്. തദ്ഊന എന്നതിന് വിളിച്ച് പ്രാർക്കുക എന്ന തെറ്റായ അർത്ഥം കൊടുക്കുന്നത് കളവാണ്. സത്യത്തിൽ പ്രാർത്ഥിക്കുക എന്ന അർത്ഥമാണുള്ളത്. അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നവർ എന്ന അർത്ഥം കൊടുക്കേണ്ടിടത്ത് അല്ലാഹു അല്ലാത്തവരെ വിളിച്ച് പ്രാർത്ഥിക്കുന്നവർ എന്ന അർത്ഥം കൊടുക്കുന്നതും കുറ്റകരമാണല്ലോ.

തിരുനബി (സ്വ)യുമായി ബന്ധപ്പെട്ട കാര്യങ്ങളിലും കളവ് പറയുന്നവരുണ്ട്. അത്തരക്കാരെ കുറിച്ച് പ്രവാകർ (സ്വ) പറഞ്ഞതിങ്ങനെ:

فَقَالَ الْمُغِيرَةُ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، يَقُولُ : " إِنَّ كَذِبًا عَلَيَّ ، لَيْسَ كَكَذِبٍ عَلَى أَحَدٍ ، فَمَنْ كَذَبَ عَلَيَّ مُتَعَمِّدًا ، فَلْيَتَبَوَّأْ مَقْعَدَهُ مِنَ النَّارِ"

ഇന്ന് പലരും വാട്സാപിൽ പ്രചരിക്കുന്ന ഹദീസുകൾ സ്രോതസ്സ് നോക്കാതെ ഫോർവേഡ് ചെയ്യുന്നുണ്ട്. ഇത് നരകത്തിലേക്കുള്ള വഴി ഉറപ്പാക്കുമെന്ന് നാം മനസ്സിലാക്കണം.

**HADIA CSE Khutba Notes (08.03.2019)**

# കളവ് പ്രചരിപ്പിക്കരുത്

റജബ് മാസമായാൽ വരാറുള്ള ഒരു പ്രചാരണമാണ് ആദ്യം നോമ്പ് അറിയിക്കുന്നവന് സ്വർഗം ഉണ്ടെന്നത്. തിരുനബി (സ്വ)യിലേക്ക് ചേർത്തി ഇത്തരം കളവുകൾ പ്രചരിപ്പിക്കുന്നവർ ശ്രദ്ധിക്കേണ്ടതുണ്ട്.

സത്യാവസ്ഥ മനസ്സിലാക്കാതെ ഒരു കാര്യവും പ്രചരിപ്പിക്കാൻ പാടില്ല

يَا أَيُّهَا الَّذِينَ آمَنُوا إِن جَاءَكُمْ فَاسِقٌ بِنَبَإٍ فَتَبَيَّنُوا أَن تُصِيبُوا قَوْمًا بِجَهَالَةٍ فَتُصْبِحُوا عَلَىٰ مَا فَعَلْتُمْ نَادِمِينَ (سورة الحجرات ٦)

ഇല്ലാ കറാമത്തുകളും ഹികായത്തുകളും പ്രചരിപ്പിക്കുന്നത് പിന്നീട് ഖേദിക്കേണ്ടിവരും

സത്യസന്ധത ഇസ്‌ലാമിന്റെ മുഖമുദ്രയാണ്. തിരുനബി (സ്വ)യുടെ അടയാളമായി ശത്രുക്കൾ പോലും പറഞ്ഞിരുന്നതാണീ സ്വഭാവം.

ശത്രുപക്ഷത്തായിരിക്കേ, ഹിറക്കൽ രാജാവിന്റെ അടുത്ത് ചെന്ന അബൂസുഫ്‌യാൻ തിരുനബി (സ്വ)യെക്കുറിച്ച് ജീവിതത്തിൽ ഇതു വരെ കളവ് പറഞ്ഞിട്ടില്ല എന്ന് പറയുകയുണ്ടായി.

മക്കയിലെ ജനങ്ങൾ തിരുനബി (സ്വ)യെ അൽഅമീൻ എന്ന് വിളിച്ചു.

عَنْ أَبِي الْحَوْرَاءِ السَّعْدِيِّ قَالَ قُلْتُ لِلْحَسَنِ بْنِ عَلِيٍّ مَا حَفِظْتَ مِنْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ حَفِظْتُ مِنْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ دَعْ مَا يَرِيبُكَ إِلَى مَا لَا يَرِيبُكَ فَإِنَّ الصِّدْقَ طُمَأْنِينَةٌ وَإِنَّ الْكَذِبَ رِيبَةٌ

കച്ചവടത്തിൽ കളവ് പറയൽ

عنْ حَكِيم بْنِ حِزَام عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ الْبَيِّعَانِ بِالْخِيَارِ مَا لَمْ يَتَفَرَّقَا فَإِنْ صَدَقَا وَبَيَّنَا بُورِكَ لَهُمَا فِي بَيْعِهِمَا وَإِنْ كَذَبَا وَكَتَمَا مُحِقَ بَرَكَةُ بَيْعِهِمَا

عَنْ حَفْصِ بْنِ عَاصِمٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كَفَى بِالْمَرْءِ كَذِبًا أَنْ يُحَدِّثَ بِكُلِّ مَا سَمِعَ

കേട്ടതെല്ലാം ഷയർ ചെയ്യൽ പാടില്ല

عن عبد الرحمن بن شبل أنه سمع النبي صلى الله عليه وسلم - يقول " : إن التجار هم الفجار . " قالوا : يا رسول الله ، أليس قد أحل الله البيع ؟ قال : " بلى ، ولكنهم يحدثون فيكذبون ويحلفون ويأثمون"

عَنْ عَبْدِ اللَّهِ بْنِ عَامِرٍ أَنَّهُ قَالَ دَعَتْنِي أُمِّي يَوْمًا وَرَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَاعِدٌ فِي بَيْتِنَا فَقَالَتْ هَا تَعَالَ أُعْطِيكَ فَقَالَ لَهَا رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَمَا أَرَدْتِ أَنْ تُعْطِيهِ قَالَتْ أُعْطِيهِ تَمْرًا فَقَالَ لَهَا رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَمَا إِنَّكِ لَوْ لَمْ تُعْطِهِ شَيْئًا كُتِبَتْ عَلَيْكِ كِذْبَةٌ

ഇന്ന് തമാശ പറയാനായി വല്ലാതെ കളവ് പറയുന്നു

حَدَّثَنَا بَهْزُ بْنُ حَكِيمٍ ، حَدَّثَنِي أَبِي ، عَنْ جَدِّي ، قَالَ : سَمِعْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ " : وَيْلٌ لِلَّذِي يُحَدِّثُ بِالْحَدِيثِ لِيُضْحِكَ بِهِ الْقَوْمَ فَيَكْذِبُ ، وَيْلٌ لَهُ وَيْلٌ لَهُ"

മുഹ്‌യിദ്ദീൻ ശൈഖിന്റെയും സ്വിദ്ദീഖ് (റ)വിന്റെയുമെല്ലാം വിജയത്തിന്റെ അടിത്തറ സത്യസന്ധതയായിരുന്നെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

കളവുമായി ബന്ധപ്പെട്ട ചില ആയത്തുകളും ഹദീസുകളും മഹാൻമാരുടെ വാക്കുകളും കാണുക

إِنَّ اللَّهَ لَا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ (سورة الزمر ٣)

**HADIA CSE Khutba Notes (08.03.2019)**

# കളവ് പ്രചരിപ്പിക്കരുത്

أخرج الإمام مسلم من حديث أبي ذر رضي الله عنه أن النبي صلى الله عليه وسلم قال: ثلاثةٌ لا يُكَلِّمُهم الله يوم القيامة، ولا ينظر إليهم، ولا يُزَكِّيهم، ولهم عذاب أليم، قال: فقرأها رسول الله صلى الله عليه وسلم [ثلاث مرارٍ]، قال أبو ذررضي الله عنه: خابوا وخسروا! مَن هم يا رسول الله؟ قال: المسبل، والمَنَّان، والمنفِّق سلعته بالحلف الكاذب، وفي رواية لمسلم: وملِك كذَّاب

عَنْ أَبِي أُمَامَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ : " أَنَا زَعِيمٌ بِبَيْتٍ فِي رَبَضِ الْجَنَّةِ لِمَنْ تَرَكَ الْمِرَاءَ وَإِنْ كَانَ مُحِقًّا ، وَبَيْتٍ فِي وَسَطِ الْجَنَّةِ لِمَنْ تَرَكَ الْكَذِبَ وَإِنْ كَانَ مَازِحًا ، وَبَيْتٍ فِي أَعْلَى الْجَنَّةِ لِمَنْ حَسُنَ خُلُقُهُ. "

عَنْ عَبْدِ اللَّهِ ، رَفَعَ الْحَدِيثَ إِلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : " إِنَّ الْكَذِبَ لا يَصلُحُ مِنْهُ جَدٌّ وَلا هَزْلٌ ، وَلا أَنْ يَعِدَ الرَّجُلُ ابْنَهُ ، ثُمَّ لا يُنْجِزُ لَهُ ، إِنَّ الصِّدْقَ يَهْدِي إِلَى الْبِرِّ ، وَإِنَّ الْبِرَّ يَهْدِي إِلَى الْجَنَّةِ ، وَإِنَّ الْكَذِبَ يَهْدِي إِلَى الْفُجُورِ ، وَإِنَّ الْفُجُورَ يَهْدِي إِلَى النَّارِ ، إِنَّهُ يُقَالُ لِلصَّادِقِ : صَدَقَ وَبَرَّ ، وَيُقَالُ لِلْكَاذِبِ : كَذَبَ وَفَجَرَ ، وَإِنَّ الرَّجُلَ لَيَصْدُقُ حَتَّى يُكْتَبَ عِنْدَ اللَّهِ صِدِّيقًا ، وَيَكْذِبُ حَتَّى يُكْتَبَ عِنْدَ اللَّهِ كَذَّابًا. "

عن عبد الله بن جراد، أنه سأل النبي صلى الله عليه وسلم فقال: " يا نبي الله ، هل يزني المؤمن؟ قال: ( قد يكون من ذلك )، قال : يا رسول الله، هل يسرق المؤمن؟ قال: ( قد يكون من ذلك )، قال: يا نبي الله هل يكذب المؤمن؟ قال: (لا)، ثم أتبعها رسول الله صلى الله عليه وسلم فقال هذه الكلمة: (إنما يفتري الكذب الذين لا يؤمنون) . وهذا لفظ آخر له أخرجه ابن جرير الطبري في "تهذيب الآثار"

عَنْ هُزَيْلِ بْنِ شُرَحْبِيلَ ، رَحِمَهُ اللَّهُ ، قَالَ : " قَالَ مُوسَى عَلَيْهِ السَّلامُ : رَبِّ أَيُّ عِبَادِكَ خَيْرٌ عَمَلا ؟ قَالَ : مَنْ لا يَكْذِبُ لِسَانُهُ ، وَلا يَفْجُرُ قَلْبُهُ ، وَلا يَزْنِي فَرْجُهُ. "

عَنِ ابْنِ عُمَرَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " إِنَّ الْعَبْدَ لَيَكْذِبُ الْكِذْبَةَ ، فَيَتَبَاعَدُ الْمَلَكُ عَنْهُ مَسِيرَةَ مِيلٍ ، مِنْ نَتَنِ مَا جَاءَ بِهِ. "

وقال محمد بن واسع لمالك بن دينار: يا أبا يحيى حفظ اللسان أشد على الناس من حفظ الدينار والدرهم .


**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9447418451**